(സി) അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് ലീഫ് സെറ്റുകൾ

87 (2800) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ആവശ്യമായ ലീഫ് സെറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ലീഫ് സെറ്റുകൾ വാങ്ങുന്നത് ക്വട്ടേഷൻ അനുസരിച്ചാണോ ;

(സി) എങ്കിൽ ഏതെല്ലാം കമ്പനികളാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളത് ;

(ഡി) എത്ര വർഷത്തേയ്ക്കാണ് കരാർ ഉറപ്പിച്ചിട്ടുള്ളത് ;

(ഇ) ഏതു കമ്പനിയാണ് ലോവസ്റ്റ് ക്വട്ടേഷൻ നൽകിയിട്ടുള്ളത് ;

(എഫ്) ലോവസ്റ്റ് ക്വട്ടേഷൻ നൽകിയ കമ്പനിക്ക് തന്നെയാണോ ലീഫ് സെറ്റ് നൽകുന്നതിന് ടെൻഡർ ഉറപ്പിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ജി) കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് എന്തു തുകയ്ക്കുള്ള ലീഫ് സെറ്റുകളാണ് കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. മെസേഴ്സ് അശോക് ലൈലാൻഡ് (1996-97)

2. മെ. ജോനാസുബുഡ് ഹെഡ്, ചെന്നൈ (1997-98)

3. മെ. ജാം.ന ആട്ടോ, ഡൽഹി (1997-98)

4. മെ. അകാൽ സ്പ്രിംഗ്, ലുധിയാന (1998-99) എന്നീ കമ്പനികളിൽ നിന്നുമാണ് ലീഫ് സെറ്റുകൾ വാങ്ങിയിട്ടുള്ളത്.

(ബി) അല്ല.

(സി) ചോദ്യം ബാധകമല്ല.

(ഡി) അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിങ്ങുമായി റേറ്റ് കോൺട്രാക്ട് ഉള്ള കമ്പനികളിൽ നിന്നും ഒറിജിനൽ എക്യൂപ്മെന്റ് സപ്ലെയർ ആയിട്ടുള്ള ടെൽകോം അശോക് ലൈലാൻഡ് തുടങ്ങിയ കമ്പനികളിൽ നിന്നുമാണ് ലീഫ് സെറ്റുകൾ വാങ്ങാറുള്ളത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഗുണമേന്മ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ലീഫ് സെറ്റുകൾ വാങ്ങുന്നതിനാൽ കെ.എസ്.ആർ.ടി. നിഷ്കർഷിച്ചിട്ടുള്ള ഗുണ നിലവാരം

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുവരുത്തിയിട്ടുള്ള കമ്പനികളിൽ നിന്നും ക്വട്ടേഷൻ മുഖേനയല്ലാതെയാണ് ലീഫ് സെറ്റുകൾ വാങ്ങുന്നത്.

(ജി) 1996 മെയ് മുതൽ 1999 ആഗസ്റ്റ് വരെയുള്ള കാലയളവിൽ മൊത്തം രണ്ടുകോടി നാല്പത്തി ഒന്നു ലക്ഷത്തി മൂപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ചു രൂപയ്ക്കുള്ള (2,41, 32,925 രൂപ) ലീഫ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്.

ഗുരുവായൂർ വേളാങ്കണ്ണി മധുര ബസ് സർവ്വീസ്

88 (2801) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(ബി) ഇവയിൽ ഓർഡിനറി, ഫാസ്റ്റ്, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ് എന്നീ സർവ്വീസുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) ഹരിപ്പാട്ടു നിന്നും ഗുരുവായൂർ-പളനി വഴി വേളാങ്കണ്ണി, മധുര തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു; പ്രസ്തുത സർവ്വീസുകൾ ഉടൻ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) ആലപ്പുഴ-വല്യഴീക്കൽ ഫാസ്റ്റ് നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(എഫ്) യാത്രാക്ലേശം പരിഹരിക്കുന്നതിന് ഹരിപ്പാട് പ്രദേശത്തേയ്ക്ക് മുൻകാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്നതും ഇപ്പോൾ നിറുത്തലാക്കിയിരിക്കുന്നതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ :

(ജി) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 28 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ഓർഡിനറി - 18

ഫാസ്റ്റ് - 10

(സി) ഉണ്ട്.

(ഡി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ സർവ്വീസുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ഇ) നിശ്ചിത വരുമാനം ലഭിക്കാത്തതുമൂലം നിറുത്തലാക്കിയ ഈ സർവ്വീസ് പുനരാരംഭിക്കുവാൻ ഇന്നത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly